# തേങ്ങയിടാൻ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' റെഡി



*തിരുമാറാടിയിൽ നടക്കുന്ന തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ നിന്ന്.*

കുത്താട്ടുകുളം: തേങ്ങയിടാൻ ആളെ കിട്ടാനില്ലെന്ന പല്ലവി പഴമൊഴിയാക്കാനുള്ള ശ്രമത്തിലാണു തിരുമാറാടിയിൽ വനിതകളുൾപ്പെടുന്ന യുവസംഘം. നാളെ പരിശീലനം പൂർത്തിയാക്കുന്ന ഇവർ പ്രത്യേക യൂണിഫോമണിഞ്ഞു തേങ്ങയിടാനും, തെങ്ങുകളെ പരിചരിക്കാനും ഇനി വിളിപ്പുറത്തുണ്ടാകും.

നാളികേര വികസന ബോർഡ് ആവിഷ്കരിച്ച 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന കാർഷിക സേനയിലേക്കുള്ള ജില്ലയിലെ അവസാന ബാച്ചാണു പരിശീലനം പൂർത്തിയാക്കുന്നത്. തിരുമാറാടി ഉൾപ്പെടെ 26 ബാച്ചുകൾ പൂർത്തിയാകുന്നതോടെ ജില്ലയിലെ സേനയുടെ അംഗബലം 531 ആകും.

തെങ്ങുകയറ്റ യന്ത്രം ഉപയോഗിച്ചുള്ള തിരുമാറാടിയിലെ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന 30 പേരിൽ 20 വനിതകളാണ്. ചെറിയ തെങ്ങുകൾ മുതൽ ഉയരമുള്ള കൊന്നത്തെങ്ങുകൾ വരെ കീഴടക്കാൻ കഴിയുമെന്നു വനിതകളും തെളിയിച്ചു കഴിഞ്ഞു.

തെങ്ങു കൃഷിയുടെ വ്യാപനവും കേര കർഷകരുടെ ക്ഷേമവും ലക്ഷ്യമിട്ട് നാളികേര വികസന ബോർഡ് നിർദേശിച്ച ഉത്പാദക സംഘങ്ങളുടെ തുടർച്ചയാണു തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി. എറണാകുളം ജില്ലയിൽ ആദ്യമായി നാളികേര ഉത്പാദക സംഘങ്ങൾക്കു തുടക്കമിട്ട തിരുമാറാടിയിൽ തെങ്ങുകയറ്റ പരിശീലന പരിപാടിക്കും മികച്ച പ്രതികരണമാണു ലഭിച്ചത്.

ഓരോ വാർഡിൽ നിന്നു മൂന്നു പേരെ വീതം മാത്രമേ ഉൾപ്പെടുത്താനായുള്ളു. പരിശീലനത്തിന് അവസരം കാത്തു കഴിയുന്നവർ ഇനിയുമേറെ ഉണ്ടെങ്കിലും പുതിയ പദ്ധതി ഉണ്ടെങ്കിൽ മാത്രമേ അവരെ ഉൾപ്പെടുത്താനാകൂ. പാമ്പാക്കുട ബ്ലോക്ക് 'പഞ്ചായത്ത് മുൻകയ്യെടുത്താണു തിരുമാറാടിയിൽ നാളികേര വികസന പദ്ധതികൾ നടപ്പാക്കുന്നത്.

തിരുമാറാടി പഞ്ചായത്ത് മിനി ഓഡിറ്റോറിയത്തിൽ ആറു ദിവസത്തേക്കാണു തെങ്ങുകയറ്റ പരിശീലനം സംഘടിപ്പിച്ചത്. രാവിലെ എട്ടിന് യോഗ പരിശീലനത്തോടെ ക്ലാസുകൾ ആരംഭിക്കും.

തുടർന്നു തലേദിവസത്തെ ക്ലാസ് അനുഭവങ്ങൾ പഠിതാക്കൾ വിവരിക്കും. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കേര കൃഷിയെക്കുറിച്ചു ക്ലാസുകളും ഉണ്ടാകും.

വിത്തു തേങ്ങകളുടെ തിരഞ്ഞെടുക്കൽ, തെങ്ങിൻ തൈകളുടെ ഉത്പാദനം, തെങ്ങുകളിലെ രോഗബാധ, ഇളനീർ വിപണനം എന്നിവയെല്ലാം ക്ലാസിനു വിഷയങ്ങളാണ്. ഹാളിനു സമീപമുള്ള തെങ്ങിൻതോപ്പിൽ തെങ്ങുകയറ്റ പരിശീലനമാണെടുത്തത്. തെങ്ങുകയറ്റം, തേങ്ങ വെട്ടിയിടൽ, കരിക്കു കെട്ടിയിറക്കൽ, മണ്ട വൃത്തിയാക്കൽ, മരുന്നൊഴിക്കൽ എന്നിവ ഈ ഘട്ടത്തിൽ അഭ്യസിപ്പിക്കും.

പ്രായോഗിക പരിശീലനം ഉച്ചകഴിഞ്ഞും തുടരും. പ്രഥമ ശുശ്രൂഷ, ഇൻഷുറൻസ് പരിരക്ഷ, സാമൂഹികസുരക്ഷിതത്വം എന്നിവയെക്കുറിച്ചുള്ള ക്ലാസുകളാണ്. തുടർന്നു പ്രചോദനാത്മക ക്ലാസുകൾക്കു ശേഷം സാംസ്കാരിക പരിപാടികൾ.

ജോണി ജോയി, ബിറ്റു ജോയി, ഷീബ അജി, സി.എസ്. ബിന്ദു എന്നിവരുടെ നേതൃത്വത്തിലാണു പരിപാടികൾ. സമാപന ദിനമായ നാളെ കോക്കനട്ട് ഒളിംപിക്സ് എന്ന പേരിൽ പഠിതാക്കൾക്കായി മത്സരങ്ങളും കാർഷിക പ്രശ്നോത്തരിയും കലാമത്സരങ്ങളും ഒരുക്കുന്നുണ്ട്.

പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രതിദിനം 150 രൂപ വീതം സ്റ്റൈപൻഡ് നൽകുന്നുണ്ട്.

3,000 രൂപ വിലവരുന്ന തെങ്ങുകയറ്റ യന്ത്രം, ഒരു ലക്ഷം രൂപ വരെയുള്ള ഇൻഷുറൻസ് പരിരക്ഷ, യൂണിഫോം എന്നിവയും സൗജന്യമായി നൽകും. നാളികേര ഉത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താനാണു ബോർഡ് ലക്ഷ്യമിടുന്നത്.

വിളവെടുപ്പ്, ഇളനീർ കെട്ടിയിറക്കൽ, തടമെടുക്കൽ, വളപ്രയോഗം, കീടങ്ങൾക്കെതിരായ കെണിപ്രയോഗം എന്നിവ ചങ്ങാതിക്കൂട്ടത്തിനു താൽപര്യമെങ്കിൽ ഏറ്റെടുത്തു നടത്താനാകും.